## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4059

16.03.2017-ൽ മറുപടിയ്ക്ക്

### നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി

**ചോദ്യം**

ശ്രീ.ടി.എ.അഹമ്മദ് കബീർ
ഡോ.എം.കെ.മുനീർ
ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്
ശ്രീ.എം.ഉമ്മർ

**ഉത്തരം**

ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനെയാണ് പദ്ധതിയുടെ Special Purpose Vehicle ആയി നിശ്ചയിച്ചിട്ടുള്ളത്. Detailed Project Report തയ്യാറാക്കുന്നതിനുള്ള ടെൻഡർ നടപടി സ്വീകരിച്ചു വരുന്നു. ഇതിനായി കാസർഗോഡ്, എറണാകുളം, ഇടുക്കി, മലപ്പുറം, പാലക്കാട് എന്നിവിടങ്ങളിൽ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം എന്നിവിടങ്ങളിൽ റവന്യൂ വകുപ്പിന്റെ സ്ഥല ലഭ്യത പരിശോധിച്ച് വരുന്നു. ഇതിനായി 4-5 ഏക്കർ സ്ഥലം ആവശ്യമാണ്. |
| (ബി) | നടപ്പുവർഷം ഇതിനായി എത്ര തുക വകയിരുത്തിയിരുന്നു എന്ന് വ്യക്തമാക്കുമോ; | (ബി) | 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളത് പ്രകാരം കേരളത്തിൽ 14 ജില്ലകളിലും 40 കോടി വീതം ചിലവ് പ്രതീക്ഷിക്കുന്ന സാംസ്കാരിക സമുച്ചയ നിർമ്മാണം കിഫ്ബിയുടെ പ്രത്യേക ധനസഹായം മുഖേന പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്. 2016-17 സാമ്പത്തികവർഷം തന്നെ KIIFB അംഗീകാരം ലഭിച്ചിട്ടുണ്ട്. |
| (സി) | ഇതുമായി ബന്ധപ്പെട്ട് എന്തൊക്കെ പ്രവൃത്തികൾ ഇതേവരെ പൂർത്തിയായിട്ടുണ്ടെന്നും എന്നത്തേക്ക് പദ്ധതി പൂർണ്ണമാക്കാനാവുമെന്നും വിശദമാക്കുമോ? | (സി) | 2016-17 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പ്രകാരം കേരളത്തിൽ 14 ജില്ലകളിലും സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണം Kerala Infrastructure Investment Fund Board (KIIFB)-ന്റെ പ്രത്യേക ധനസഹായം മുഖേന പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. എല്ലാ ജില്ലകളിലേയും പ്രോജക്ടുകളുടെ Special Purpose Vehicle (SPV) ആയി കേരള സ്റ്റേറ്റ് ഫിലിം ഡവലപ്മെന്റ് കോർപ്പറേഷൻ (KSFDC)നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ Request for Proposal (RFP) KIIFB അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയ്ക്ക് Detailed Project Report തയ്യാറാക്കുന്നതിനുള്ള ഏജൻസികളെ തെരഞ്ഞെടുക്കുന്ന ടെൻഡർ നടപടി സ്വീകരിച്ചു |

വരുന്നു. കാസർഗോഡ്, മലപ്പുറം, ഇടുക്കി, എറണാകുളം, പാലക്കാട് ജില്ലകളിൽ സ്ഥലം ലഭ്യമാണ് എന്ന് ബന്ധപ്പെട്ട കളക്ടർമാർ അറിയിച്ചതിനെ തുടർന്ന് നിർദ്ദേശിച്ച സ്ഥലം സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ പേരിൽ ട്രാൻസ്ഫർ ചെയ്ത് നൽകുന്നതിന് ആവശ്യമായ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. നവോത്ഥാന നായകരുടെ പേരിലായിരിക്കും സാംസ്കാരിക കേന്ദ്രങ്ങൾ സ്ഥാപിക്കുന്നത്. നാടകശാല, സിനിമ തീയേറ്റർ, സംഗീത ശാല, ഗ്യാലറി, പുസ്തകക്കടകൾ, ചർച്ചകൾക്കും മറ്റുമുള്ള സെമിനാർ ഹാളുകൾ, ശിൽപ്പികൾക്കും കരകൗശല വിദഗ്ധർക്കും പണിശാലകൾ, നാടക റിഹേഴ്സൽ സൗകര്യം, കലാ-സാഹിത്യകാരന്മാർക്ക് ഹ്രസ്വകാല താമസസൗകര്യം എന്നിവയൊക്കെ അടങ്ങുന്നതാണ് ഈ സാംസ്കാരിക സമുച്ചയങ്ങൾ. ശരാശരി 40 കോടി രൂപ ചെലവ് വരുന്ന ഓരോ സാംസ്കാരിക കേന്ദ്രങ്ങളുടെയും സ്ഥലസൗകര്യത്തിനനുസരിച്ചാണ് അവയുടെ രൂപകൽപ്പന നടത്തുന്നത്.

സെക്ഷൻ ഓഫീസർ